പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T * 2651 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ വസ്തുകളിൽ മായം ചേർക്കുന്നതു തടയുന്നതിനും, മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വില്പന നടത്തുന്നതു തടയുന്നതിനുമായി ഏതെല്ലാം നിയമങ്ങളാണു നിലവിലുള്ളത്; | എ) | 2006 ലെ ഭക്ഷ്യസുരക്ഷാ നിലവാര നിയമവും അനുബന്ധച്ചട്ടങ്ങളുമാണ് നിലവിലുള്ളത്. |
| ബി) | ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിൽക്കുന്നതു തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ; | ബി) | സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നതും കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം നടപടികളും സ്വീകരിക്കാറുണ്ട്. കൂടാതെ നമ്മുടെ സംസ്ഥാനം ഭക്ഷ്യോൽപന്നങ്ങൾക്കായി അന്യ സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കുന്നതിനാൽ ടി സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവന്നിട്ടുള്ളതും തുടർ നടപടികൾ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ് |
| സി) | 01.07.2011 മുതൽ 31.10.2014 വരെയുള്ള കാലയളവിൽ ഭക്ഷ്യവസ്തുക്കൾ മായം ചേർത്തു വിറ്റതിന് എത്ര കച്ചവടക്കാർക്കെതിരെ കേസ്സെടുത്തുവെന്നും പിഴയിനത്തിൽ എത്ര രൂപ ഈടാക്കിയെന്നുമുള്ളതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ? | സി) | |

| ജില്ല | കേസ്സുകളുടെ എണ്ണം | പിഴ |
|---|---|---|
| തിരുവനന്തപുരം | 54 | 10,42,000 |
| കൊല്ലം | 27 | 3,18,000 |
| പത്തനംതിട്ട | 9 | 4,09,000 |
| ആലപ്പുഴ | 9 | 1,90,000 |
| കോട്ടയം | 3 | 5,39,500 |
| ഇടുക്കി | 19 | 2,13,00 |
| എറണാകുളം | 33 | 17,06,500 |
| തൃശ്ശൂർ | 3 | 50,000 |
| മലപ്പുറം | 6 | 3,80,000 |
| പാലക്കാട് | 13 | 3,38,000 |

| | | | | | |
|---|---|---|---|---|---|
| | | | കോഴിക്കോട് | 28 | 1,09,700 |
| | | | വയനാട് | 11 | 5,000 |
| | | | കണ്ണൂർ | 29 | 2,38,000 |
| | | | കാസറഗോഡ് | 5 | 5,68,500 |

**സെക്ഷൻ ഓഫീസർ**